**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 316**
**17.12.2015 ലെ മറുപടിയ്ക്ക്**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ഐ. സി. ബാലകൃഷ്ണൻ<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.വി. പി. സജീന്ദ്രൻ<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ | | ബഹു.മുഖ്യമന്ത്രി<br>ഉമ്മൻ ചാണ്ടി |
| എ | ലോക്കൽ ഫണ്ട് ഓഡിറ്റ് കാര്യക്ഷമമാക്കാൻ എന്തെല്ലാം കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. | കമ്പ്യൂട്ടർവത്ക്കരണത്തിന്റെ ഭാഗമായി എയിംസ് സോഫ്റ്റ് വെയർ ഒന്നാം ഘട്ടം വകുപ്പിൽ പൂർണ്ണതോതിൽ നടപ്പിലാക്കിയിട്ടുണ്ട്.വകുപ്പ് ഓഡിറ്റ് ചെയ്യുന്ന എല്ലാ മേഖലകളേയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഓഡിറ്റ് മാന്വൽ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി വകുപ്പിന്റെ ഏതാനും ജില്ലാ കാര്യാലയങ്ങൾ നവീകരിക്കാൻ 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തുക അനുവദിച്ചിട്ടുണ്ട്. |
| ബി | പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം. | ഓഡിറ്റ് പ്രക്രിയ കാര്യക്ഷമമാക്കുകയും ഓഡിറ്റ് കാലതാമസവും കുടിശ്ശികയും കുറയ്ക്കുകയുമാണ് സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിന്റെ പ്രധാന ലക്ഷ്യം. ജില്ലാ കാര്യാലയ നവീകരണത്തിലൂടെ പ്രസ്തുത ഓഫീസിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് കമ്പ്യൂട്ടർ വത്ക്കരണത്തിന് അനുയോജ്യമായ രീതിയിൽ നെറ്റ് വർക്കിംഗ്, ഇലക്ട്രിഫിക്കേഷൻ എന്നിവ ഉൾപ്പെടെ നവീകരിക്കൻ സാധിക്കും. ഓഡിറ്റ് മാന്വൽ തയ്യാറാക്കുന്നതിലൂടെ ഓഡിറ്റ് വകുപ്പിന്റെ കാര്യക്ഷമതയും ഓഡിറ്റിന്റെ നിലവാരവും ഉയർത്താൻ സാധിക്കും. |
| സി | പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്. | എയിംസ് സോഫ്റ്റ് വെയറിന്റെ രണ്ടാം ഘട്ടം വികസിപ്പിക്കാനുള്ള സർക്കാർ അനുമതി നല്കിയിട്ടുണ്ട്. വകുപ്പിന്റെ പാലക്കാട്, മലപ്പുറം, കോഴിക്കോട് ജില്ലാ കാര്യാലയങ്ങൾ നവീകരിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു. ഓഡിറ്റ് മാന്വൽ തയ്യാറാക്കുന്നതിനുള്ള വിഷയ നിർദ്ദേശങ്ങളുടെ കരട് സർക്കാർ അംഗീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ